# കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ:കെ.സോമൻ)

വിഷയം:- പഞ്ചായത്ത് വകുപ്പ് - ഭരണജാഗ്രത - കൊല്ലം ജില്ല - പെരിനാട് ഗ്രാമപഞ്ചായത്ത് ക്ലാർക്ക് ശ്രീ.എസ്.രജീഷ്കുമാറിന്റെ അനധികൃത ഹാജരില്ലായ്മ - അച്ചടക്കനടപടി - സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. പെരിനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.02.2006 തീയതിയിലെ പി2-1/05 നമ്പർ കത്ത്.
2. ഈ ആഫീസിലെ 08.02.2016 തീയതിയിലെ ഡി1-1608/06 നമ്പർ ഉത്തരവ്.
3. ഈ ആഫീസിലെ 01.08.2006 തീയതിയിലെ ഡി1-1608/06 നമ്പർ കുറ്റാരോപണ മെമ്മോ.
4. ഈ ആഫീസിലെ 12.01.2017 തീയതിയിലെ ഡി1-1608/06 നമ്പർ കത്ത്.
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് ഡയറക്ടറുടെ 24.03.2017 തീയതിയിലെ പിആർഡി-എഫ്2/12/2017ഐ&പിആർഡി നമ്പർ കത്ത്.
6. ഈ ആഫീസിലെ 28.04.2017 തീയതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
7. ഈ ആഫീസിലെ 11.05.2017 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
8. പെർഫോർമൻസ് ആഡിറ്റ് സൂപ്പർവൈസറുടെ 12.07.2017-ലെ പിഎയുIV/2017 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

### ഉത്തരവ് നമ്പർ ഡി1-1608/06 തീയതി: 31.07.2017

കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായിരുന്ന ശ്രീ ;എസ്.രജീഷ്കുമാർ വിദേശത്ത് പോകുന്നതിനുവേണ്ടി 16.11.2005 മുതൽ 5 വർഷത്തേക്ക് ശൂന്യവേതനാവധിക്ക് വേണ്ടി അപേക്ഷിച്ചിരുന്നതായും ടിയാൾ 12.12.2005 മുതൽ ആഫീസിൽ അനധികൃതമായി ഹാജരാകുന്നില്ലെന്നും പരാമർശം (1) പ്രകാരം പെരിനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ടി റിപ്പോർട്ടിനെ തുടർന്ന് പരാമർശം (2) പ്രകാരം ടിയാളെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും പരാമർശം (3) പ്രകാരം ടിയാൾക്ക് എതിരെ കുറ്റാരോപണ മെമ്മോ പുറപ്പെടുവിച്ച് അച്ചടക്കനടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. ടി കുറ്റാരോപണ മെമ്മോ പെരിനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം ടിയാളുടെ സ്ഥിരമേൽവിലാസത്തിൽ അയച്ചുകൊടുത്തുവെങ്കിലും ആയത് കൈപ്പറ്റാതെ മടങ്ങിവന്നതിനെ തുടർന്ന് പരാമർശം (4) പ്രകാരം കുറ്റാരോപണ മെമ്മോയും എച്ച്4 ഫാറവും ഡയറക്ടർ, ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് 2 ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിന് അയച്ചുകൊടുത്തിട്ടുള്ളതും പരാമർശം (5) പ്രകാരം ദേശാഭിമാനി, മാതൃഭൂമി എന്നീ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് നൽകിയതിന്റെ റിലീസ് ഉത്തരവ് ലഭ്യമായിട്ടുള്ളതാണ്. ആയത് കൂടാതെ മേൽ കുറ്റാരോപണ മെമ്മോ www.lsgkerala.gov.in എന്ന വെബ്സൈറ്റിൽ പരസ്യം ചെയ്തിട്ടുള്ളതും ടി കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.എസ്.രജീഷ്കുമാർ എതിർവാദ വിവരപത്രിക സമർപ്പിച്ചിട്ടില്ലാത്തതുമാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ ശ്രീ.രജീഷ്കുമാറിനെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11(1)(vii) പ്രകാരം

Scanned by CamScanner

സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (6) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കുകയും ആയത് ടിയാളുടെ സ്ഥിരമേൽവിലാസത്തിൽ രജിസ്റ്റേർഡ് തപാലായി അയച്ചുനൽകിയിട്ടുള്ളതും ബഹു : പഞ്ചായത്ത് ഡയറക്ടർ, ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് മുഖേന ദേശാഭിമാനി, മലയാള മനോരമ എന്നീ ദിനപത്രങ്ങളിൽ പരസ്യം ചെയ്യുകയും www.lsgkerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി കാരണം കാണിക്കൽ നോട്ടീസിനും ശ്രീ.എസ്.രജീഷ്കുമാർ നാളിതുവരെ മറുപടി സമർപ്പിച്ചിട്ടില്ലാത്തതാണ്.

ശ്രീ.എസ്.രജീഷ്കുമാറിനെതിരെ കടുത്ത അച്ചടക്കനടപടി സ്വീകരിക്കുന്നതിന് ഒരു ഔപചാരിക അന്വേഷണം നടത്തേണ്ടത് അനിവാര്യമാകയാൽ പരാമർശം (7) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിന് തൃക്കടവൂർ പെർഫോർമൻസ് ആഡിറ്റ് സൂപ്പർവൈസർ ശ്രീ.അജയകുമാറിനെ നിയമിക്കുകയും പരാമർശം (8) പ്രകാരം ഔപചാരിക അന്വേഷണറിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ടി അന്വേഷണറിപ്പോർട്ടിൽ ഔപചാരിക അന്വേഷണം നടത്തുന്നതിന്റെ ഭാഗമായി ടിയാളെ നേരിൽ കേൾക്കുന്നതിനും രേഖകൾ ഹാജരാക്കുന്നതിനും രജിസ്റ്റേർഡ് തപാലിൽ കത്ത് നൽകിയെങ്കിലും ടി കത്ത് കൈപ്പറ്റാതെ തിരികെ വന്നതായും ടിയാൾ 12.12.20025 മുതൽ നാളിതുവരെ അനധികൃതമായി ആഫീസിൽ ഹാജരാകാത്തതിനാലും അനധികൃത ഹാജരില്ലായ്മയ്ക്ക് കടുത്ത അച്ചടക്കനടപടി സ്വീകരിക്കാവുന്നതാണ് എന്ന് ശുപാർശ ചെയ്ത് ഔചാരിക റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

മേൽ വിവരിച്ച സാഹചര്യങ്ങളാൽ ശ്രീ.എസ്.രജീഷ്കുമാറിന് പരാമർശം (6) പ്രകാരം പുറപ്പെടുവിച്ച കാരണം കാണിക്കൽ നോട്ടീസിന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ 1960–ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം പ്രകാരം 11(1)(vii) പ്രകാരം ടിയാൾ അനധികൃതമായി ആഫീസിൽ ഹാജരാകാതിരുന്ന 12.12.2005 പ്രാബല്യത്തിൽ ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നു.

31/1/17

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
(പൂർണ്ണ അധികചുമതല), കൊല്ലം

ശ്രീ.എസ്.രജീഷ്കുമാർ,
ആരതി ഹൗസ്, വടക്കുംതല പി.ഒ.,
കരുനാഗപ്പള്ളി, കൊല്ലം – 690536.

പകർപ്പ് : (1) സെക്രട്ടറി, പെരിനാട് ഗ്രാമപഞ്ചായത്ത് (സർവ്വീസിൽ നിന്നും നീക്കം ചെയ്തത് സംബന്ധിച്ച് ശ്രീ.എസ്.രജീഷ്കുമാറിന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട പേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കേണ്ടതാണ്)
(2) ബഹു : പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
(3) ബഹു : ഡയറക്ടർ, ഐ & പിആർഡി (ദിനപത്രത്തിലും സർക്കാർ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതിന് ആമുഖ കത്ത് സഹിതം)
(4) ബഹു : ഡയറക്ടർ, ഐകെഎം (ആമുഖ കത്ത് സഹിതം) തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
(5) ഇ2 സെക്ഷൻ, ഡി.ഡി.പി.ആഫീസ്, കൊല്ലം
(6) ആഡിറ്റ് സൂപ്പർവൈസർ, പിഎയു IV, തൃക്കടവൂർ
(7) കരുതൽ/അധികം

Scanned by CamScanner